**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1060** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന പ്രധാന അധ്യാപക തസ്തികകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ പ്രധാന അധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; ആയതിൽ ഹയർ സെക്കണ്ടറി സ്കൂൾ, ഹൈസ്കൂൾ, യു.പി സ്കൂൾ, എൽ.പി സ്കൂൾ എന്നിവിടങ്ങളിൽ ഒഴിവുള്ള പ്രധാന അധ്യാപക തസ്തികകളുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ, യു. പി സ്കൂൾ, എൽ.പി സ്കൂൾ വിഭാഗങ്ങളിലായി ഒഴിഞ്ഞുകിടക്കുന്ന പ്രധാന അധ്യാപക തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

- ഹയർ സെക്കന്ററി - 87
- ഹൈസ്കൂൾ - 260
- യു.പി സ്കൂൾ - 151
- എൽ.പി സ്കൂൾ - 446

ആകെ - 944

**(ബി)** ഒഴിഞ്ഞു കിടക്കുന്ന പ്രധാന തസ്തികകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ഹയർ സെക്കന്ററി പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ ഹൈസ്കൂൾ പ്രധാനാധ്യാപക തസ്തികയിലേക്കുള്ള വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി ഇതിനകം ചേർന്നിട്ടുണ്ട്.

സംസ്ഥാനത്തെ എൽ.പി., യു.പി സ്കൂളുകളിലെ പ്രധാനാധ്യാപക നിയമനത്തിൽ കെ.ടെറ്റ് യോഗ്യത നേടാത്ത അധ്യാപകർക്ക് പ്രൈമറി സ്കൂൾ പ്രധാനാധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**